സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 70 2025 മെയ് 30 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കടുവയെ പിടിക്കാൻ കെണിവച്ചു; കൂട്ടിൽ കുടുങ്ങിയത് പുലി

മലപ്പുറം: കരുവാരക്കുണ്ടിൽ നരഭോജി കടുവയെ പിടിക്കാൻവച്ച കെണിയിൽ പുലി കുടുങ്ങി. ന്ന രാവിലെയാണ് വനം വകുപ്പ് സ്ഥാപിച്ച കൂട്ടിൽ പുലി കുടുങ്ങിയതായി കണ്ടെത്തിയത്. കരുവാരക്കുണ്ട് കേരള സ്റ്റേറ്റ് സി വൺ ഡിവിഷനിലാണ് വനം വകുപ്പ് സ്ഥാപിച്ച കൂട്ടിൽ പുലി കുടുങ്ങിയത്. ഈ മാസം 15ന് കാളികാവ് അടക്കാക്കുണ്ട് റാവുത്തൻകാട്ടിൽ ടാപ്പിങ് ജോലിക്കിടെ കളപ്പറമ്പിൽ ഗഫൂർ അലിയെ കടുവ കടിച്ച് കൊന്നിരുന്നു. ഇതേ തുടർന്ന് കരുവാരക്കുണ്ട്, കാളികാവ് പഞ്ചായത്തുകളുടെ വിവിധ ഭാഗങ്ങളിൽ കടുവക്കായി കൂടുകൾ സ്ഥാപിച്ചിരുന്നു. ഇതിനിടെ കഴിഞ്ഞ ദിവസം കരുവാരകുണ്ട് ഭാഗത്തുനിന്ന് നായയെ പുലി പിടിച്ചു. കടുവയെ പിടികൂടാൻ വൈകുന്നതിൽ പ്രദേശത്ത് പ്രതിഷേധം ശക്തമാകുന്നതിനിടെയാണ് പുലി വനം വകുപ്പ് സ്ഥാപിച്ച കൂട്ടിൽ കുടുങ്ങിയത്

കൊമ്പൻ ഗോപികണ്ണൻ ചരിഞ്ഞു

ഗുരുവായൂർ: ഗുരുവായൂർ ദേവസ്വം കൊമ്പൻ ഗോപികണ്ണൻ ചരിഞ്ഞു. 49 വയസ്സായിരുന്നു. ഇന്ന് പുലർച്ചെ 4.10 ന് ദേവസ്വം ആനത്താവളമായ പുന്നത്തൂർ കോട്ടയിലായിരുന്നു അന്ത്യം. 2001 സെപ്റ്റംബർ മൂന്നിന് തൃശ്ശൂരിലെ വ്യവസായി ഗോപു നന്തിലത്താണ് ഗോപി കണ്ണനെ നടയിരുത്തിയത്. നിരവധി തവണ ആനയോട്ട മത്സരത്തിൽ ഒന്നാമനായിരുന്നു.

പടക്ക നിർമ്മാണ ഫാക്ടറിയിൽ വൻ തീപിടിത്തം; അഞ്ച് മരണം, 34 പേർക്ക് പരിക്ക്

ചണ്ഡീഗഢ്: പഞ്ചാബിലെ ശ്രീമുക്തസാർ സാഹിബിൽ പടക്ക നിർമാണ ഫാക്ടറിയിൽ ഉണ്ടായ സ്ഫോടനത്തിൽ അഞ്ച് മരണം. 34പേർക്ക് പരിക്കേറ്റു. ഫാക്ടറി പ്രവർത്തിച്ചിരുന്ന ഇരുനില കെട്ടിടം സ്ഫോടനത്തിൽ പൂർണമായും തകർന്നു. നിരവധിപേർ ഇപ്പോഴും കെട്ടിട അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങി കിടക്കുന്നതായാണ് വിവരം. സ്ഥലത്ത് ഇപ്പോഴും രക്ഷാപ്രവർത്തനം തുടരുകയാണ്. ടാർസെം സിംഗിന്റെ ഉടമസ്ഥതയിലുള്ളതാണ് ഫാക്ടറി.

ഇന്ന് പുലർച്ചെയാണ് സ്ഫോടനമുണ്ടായത്. പരിക്കേറ്റവരെ ബതിൻഡയിലെ എയിംസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സ്ഫോടനകാരണം വ്യക്തമല്ലെന്ന് ലാംബി ഡിഎസ്പി ജസ്പാൽ സിംഗ് മാദ്ധ്യമങ്ങളോട് പറഞ്ഞു. ജനപ്രതിനിധികളക്കം സംഭവസ്ഥലത്തെത്തിയിട്ടുണ്ട്. മരിച്ചവരുടെ പേര് വിവരങ്ങളൊന്നും ഇതുവരെ പുറത്തുവന്നിട്ടില്ല. ഫാക്ടറി തൊഴിലാളികളിൽ ഭൂരിഭാഗവും ഉത്തർപ്രദേശ്, ബീഹാർ എന്നിവിടങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരായിരുന്നു.

'അർദ്ധരാത്രി 12നും ഒരു മണിക്കും ഇടയിലാണ് സ്ഫോടനം നടന്നത്. ഞങ്ങളുടെ സംഘം ഉടൻ തന്നെ സ്ഥലത്തെത്തി. അഞ്ച് മൃതദേഹങ്ങൾ ഇതുവരെ കണ്ടെടുത്തു. ഇനി യാരും കുടുങ്ങിക്കിടക്കുന്നില്ല എന്നാണ് കരുതുന്നത്. പക്ഷേ, രക്ഷാപ്രവർത്തനം ഇപ്പോഴും പുരോഗമിക്കുകയാണ്. പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന എല്ലാവരുടെയും നില തൃപ്തികരമാണ്. പടക്ക നിർമാണവും പാക്കിംഗും ഒരേ സ്ഥലത്ത് തന്നെയാണ് നടന്നിരുന്നത്. നിരവധി തൊഴിലാളികൾ ഫാക്ടറിയിലാണ് താമസിച്ചിരുന്നതെന്ന് പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞു'– ലാംബി ഡെപ്യൂട്ടി സൂപ്രണ്ട് ഒഫ് പൊലീസ് ജസ്പാൽ സിംഗ് ഒരു ദേശീയ മാദ്ധ്യമത്തോട് പറഞ്ഞു.

ട്രാക്കിൽ മരണം വീണ് വൈകിയത് 11ട്രെയിനുകൾ

തൃശൂർ: ട്രാക്കിൽ മരം വീണ് തിരുവനന്തപുരത്തേക്ക് എത്തേണ്ട ട്രെയിനുകളും തിരിച്ച് പുറപ്പെടേണ്ട ട്രെയിനുകളും വൈകി. കഴക്കൂട്ടത്തും കടയ്ക്കാവൂരും മരം ട്രാക്കിൽ വീണതിനെ തുടർന്നാണ് ട്രെയിൻ ഗതാഗതം മുടങ്ങിയത്.

നിലമ്പൂരിൽ എം.സ്വരാജ് ഇടത് സ്ഥാനാർഥി

തിരു: നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എം.സ്വരാജ് എൽ.ഡി.എഫ് സ്ഥാനാർഥി. സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് യോഗത്തിന് ശേഷം പാർട്ടി സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദനാണ് സ്ഥാനാർഥിയെ പ്രഖ്യാപിച്ചത്.

സിറ്റിങ് സീറ്റായ നിലമ്പൂരിൽ എൽഡിഎഫിനും സിപിഎമ്മിനും അഭിമാന പോരാട്ടമാണ്. ഈ സാഹചര്യത്തിലാണ് പാർട്ടിയുടെ പ്രമുഖ നേതാവിനെ തന്നെ സ്ഥാനാർഥിയാക്കാൻ തീരുമാനിച്ചിരിക്കുന്നത്. ദീർഘ കാലങ്ങൾക്ക് ശേഷമാണ് നിലമ്പൂരിൽ സിപിഎം പാർട്ടി ചിഹ്നത്തിൽ സ്ഥാനാർഥിയെ നിർത്തുന്നത്. നിലമ്പൂർ ഒപ്പം നിർത്താൻ നിരവധി സ്വതന്ത്രരെ സിപിഎം പരിഗണിച്ചിരുന്നെങ്കിലും അൻവർ ഉയർത്തിയ വെല്ലുവിളി മറികടക്കാൻ പാർട്ടിയിലെ കരുത്തനെ തന്നെ രംഗത്തിറക്കുകയായിരുന്നു.

തൃപ്പൂണിത്തുറ മുൻ എംഎൽഎ ആയ സ്വരാജ് കഴിഞ്ഞ തവണ പരാജയപ്പെട്ടിരുന്നു. ഇടത് സ്വതന്ത്രനായിരുന്ന പി.വി.അൻവർ എംഎൽഎ സ്ഥാനം രാജിവെച്ച് മുന്നണി വിട്ടതോടെയാണ് നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പിന്വഴിയൊരുങ്ങിയത്.

അൻവറിന്റെ രാജിക്ക് പിന്നാലെ നിലമ്പൂരിലെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ ചുമതല സിപിഎം സ്വരാജിന് നൽകിയിരുന്നു.

നിലമ്പൂർ സ്വദേശിയായ സ്വരാജ് വിദ്യാർഥി, യുവജന പ്രസ്ഥാനങ്ങളിലൂടെയാണ് പൊതുപ്രവർത്തന രംഗത്ത് ഉയർന്ന് വന്നത്. ദേശാഭിമാനി റസിഡന്റ് എഡിറ്ററാണ് എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി, മലപ്പുറം ജില്ലാ സെക്രട്ടറി, ഡിവൈഎഫ് സംസ്ഥാന പ്രസിഡന്റ്, സെക്രട്ടറി, അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. 2016–2021 ൽ കാലഘട്ടത്തിൽ തൃപ്പൂണിത്തുറയിലെ നിയമസഭാംഗമായിരുന്നു. ഡിവൈഎഫ്ഐ മുഖമാസിക യുവധാരയുടെ എഡിറ്റർ പദവിയും വഹിച്ചിട്ടുണ്ട്

ആര്യാടൻ ഷൗക്കത്താണ് യുഡിഎഫ് സ്ഥാനാർഥി. ഉപതിരഞ്ഞെടുപ്പിൽ എൻഡിഎ സ്ഥാനാർഥിയെ സംബന്ധിച്ചാണ് ഇനി അനിശ്ചിതത്വം നിലനിൽക്കുന്നത്. ബിജെപി മത്സരിക്കുന്നില്ലെന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ ബിഡിജെഎസ് മത്സരിച്ചേക്കും

സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു; ട്രെയിനുകൾ വൈകിയോടുന്നു, ഇന്ന് 3 മരണം

തിരു: സംസ്ഥാനത്തൊട്ടാകെ അതിശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ഇന്ന് 3 മരണങ്ങൾ റിപ്പോർട്ട് ചെയ്തു. ആലപ്പുഴ പുന്നപ്രയിൽ മീൻപിടിക്കാൻപോയ യുവാവ് വെള്ളക്കെട്ടിൽ വീണുമരിച്ചു. എറണാകുളം തിരുമാറാടിയിൽ മരം വീണ് സ്ത്രീ മരിച്ചു. വിഴിഞ്ഞത്ത് വള്ളം മറിഞ്ഞുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. മലപ്പുറം കാളികാവിലും എറണാകുളം ചെറായിയിലും ഒഴുക്കിൽപ്പെട്ട് 2പേരെ കാണാതായെന്ന വിവരവും പുറത്തുവരുന്നുണ്ട്. കനത്ത മഴയിലും ശക്തമായ കാറ്റിലും കുറ്റൻ മരങ്ങൾ കടപുഴകി വീണ് വിവിധ ജില്ലകളിൽ വ്യാപകനാശനഷ്ടങ്ങളാണ് ഉണ്ടായിരിക്കുന്നത്. നദികളിലെ ജലനിരപ്പ് ഉയർന്നതോടെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെട്ട് ജനജീവിതം ദുരിതത്തിലായിരിക്കുകയാണ്.

ആലപ്പുഴ ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം നിറഞ്ഞിരിക്കുകയാണ്. പാടശേഖരങ്ങളിലും വീടുകളിലും വെള്ളം കയറി. കോട്ടയത്തെ പടിഞ്ഞാറൻ മേഖലയിലും വെള്ളക്കെട്ട് രൂപപ്പെട്ടിട്ടുണ്ട്. മണിമല, മീനച്ചിൽ, മൂവാറ്റുപുഴ ആറുകളിൽ ജലനിരപ്പ് ഉയർന്നു. പമ്പയാറ്റിലെ ജലനിരപ്പ് ഉയർന്നതോടെ പത്തനംതിട്ടയിലെ കോസ്‌വേകൾ മുങ്ങി. പത്തനംതിട്ടയിൽ മണിമലയാർ കരകവിഞ്ഞ് തിരുവല്ലയ്ക്കടുത്ത് തിരുമൂലപുരം, മംഗലശ്ശേരി, ആറ്റുമാലി പ്രദേശങ്ങളിലെ വീടുകളിൽ വെള്ളം കയറി. ഇതോടെ പ്രദേശവാസികളെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റിയിരിക്കുകയാണ്.

കനത്ത മഴയിൽ റെയിൽവേ ഗതാഗതവും തടസപ്പെട്ടിരിക്കുകയാണ്. മംഗളൂരു സെൻട്രലിനടുത്ത് ട്രാക്കിൽ മരം വീണതിനെ തുടർന്ന് നിരവധി ട്രെയിനുകളാണ് വൈകിയോടുന്നത്. കേരളത്തിലേക്കുള്ള വന്ദേഭാരതടക്കമുള്ള ദീർഘദൂര ട്രെയിനുകളാണ് വൈകിയോടുകയാണ്. മംഗളൂരുവിനും നേത്രാവതി ക്യാബിനും ഇടയിലാണ് മരം വീണ് ഗതാഗതം തടസപ്പെട്ടിരിക്കുന്നത്. മരംമുറിച്ച് നീക്കിയെന്നും നിലവിൽ ഈ വഴി ട്രെയിൻ ഗതാഗതം സുഗമമായി പുരോഗമിക്കുന്നുവെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

ദീർഘദൂര സർവീസുകൾ നടത്തുന്ന ചില ട്രെയിനുകൾ വഴിതിരിച്ച് വിട്ടിട്ടുണ്ടെന്നും റെയിൽവേ ഔദ്യോഗികമായി അറിയിച്ചിട്ടുണ്ട്. മൂന്ന് മണിക്കൂർ വൈകിയോടുന്ന 16649 – പരശുറാം എക്സ്പ്രസ് നേത്രാവതി ക്യാബിൻ സ്റ്റേഷനിലൂടെ വഴി തിരിച്ച് വിട്ടിട്ടുണ്ട്. ഒന്നര മണിക്കൂർ വൈകിയോടുന്ന 20631 – മംഗളൂരു സെൻട്രൽ – തിരുവനന്തപുരം വന്ദേഭാരത് എക്സ്പ്രസ് നേത്രാവതി ക്യാബിൻ സ്റ്റേഷനിലൂടെ വഴി തിരിച്ചുവിട്ടു.

കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങൾ മണ്ണിടിച്ചിൽ ഭീതിയിലാണ്. ഇതിനിടയിൽ കണ്ണൂരിലെ കൊട്ടിയൂർ, പാൽചുരം റോഡിൽ മണ്ണിടിച്ചിലുണ്ടായി. ഈ വഴി കടന്നുപോകുന്ന യാത്രക്കാർക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു. ദേശീയപാതയിൽ നിർമ്മാണം പുരോഗമിക്കുന്ന കാസർകോട് ചട്ടഞ്ചാലിലും ചെർക്കളയ്ക്കും ഇടയിൽ മണ്ണിടിഞ്ഞിരിക്കുകയാണ്. ഇതുവഴിയുള്ള ഗതാഗതം നിരോധിച്ചിട്ടുണ്ട്. ഇതുവഴി യാത്ര ചെയ്യുന്നവരെ കാഞ്ഞങ്ങാട് ചന്ദ്രഗിരി പാലം വഴി തിരിച്ചുവിട്ടു.അതേസമയം, മഴ കനത്തതോടെ കൂരിയാട് തകർന്ന ദേശീയപാത കൂടുതൽ അപകടാവസ്ഥയിലേക്ക് നീങ്ങുകയാണെന്നാണ് വിവരം. ദേശീയപാതയിൽ പലയിടങ്ങളിലായി വീണ്ടും മണ്ണിടിച്ചിൽ ഉണ്ടായി.

പാമ്പുകടിയേറ്റ ആൾ മരിച്ചു

തൃശൂർ : തേക്കിൻകാട് മൈതാനത്ത് ആൽത്തറയിൽ ഇരുന്നയാൾ പാമ്പുകടിയേറ്റ് മരിച്ചു. തെക്കേഗോപുര നടക്കടുത്തുള്ള ആൽത്തറയിൽ ഇരിക്കുമ്പോഴാണ് പാമ്പ് കടിച്ചത്.വാടാനപ്പള്ളി സ്വദേശി മധു (51) ആണ് മരിച്ചത്. കഴിഞ്ഞ തിങ്കളാഴ്ച വൈകീട്ട് ആറോടെയായിരുന്നു മധുവിന് പാമ്പുകടിയേറ്റത്. ഉടനെ തൃശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ എത്തിച്ചിരുന്നു. ചികിത്സയിലിരിക്കെയാണ് മധു മരിച്ചത്.

സ്കൂളിൽ കുട്ടികൾക്ക് ക്ലാസെടുക്കുന്നതിനിടെ അധ്യാപിക കുഴഞ്ഞുവീണ് മരിച്ചു

തൃശൂർ : കുട്ടികൾക്ക് ക്ലാസെടുക്കുന്നതിനിടെ അധ്യാപിക കുഴഞ്ഞുവീണ് മരിച്ചു. ആനാവൂർ സ്കൂളിലാണ് സംഭവം.മാരായമുട്ടം സ്വദേശി വിനോദിനി (49) ആണ് മരിച്ചത്. പാറശ്ശാല ജിഎച്ച്എസ്എസിലെ ഗണിതശാസ്ത്ര അദ്ധ്യാപികയാണ് വിനോദിനി. ആനാവൂർ സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനാണ് വിനോദിനി എത്തിയത്. രാവിലെ 11 മണിക്ക് കുട്ടികൾക്ക് ക്ലാസെടുക്കുന്നതിനിടെ ക്ലാസ്മുറിയിൽ കുഴഞ്ഞ് വീഴുകയായിരുന്നു.

സഹ അധ്യാപകരും സ്കൂൾ ജീവനക്കാരും മറ്റും ചേർന്ന് ഉടനെ വിനോദിനിയെ ആശുപത്രിയിലേക്ക് കൊണ്ടുപോയെങ്കിലും ആശുപത്രിയിലെത്തും മുൻപ് മരണം സംഭവിച്ചു. മൃതദേഹം നെയ്യാറ്റിൻകര ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. നിയമപരമായ നടപടിക്രമങ്ങൾക്ക് ശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുക്കും.

മാതൃഭൂമി സാഹിത്യ പുരസ്കാരം സാറാ ജോസഫിന് ജൂൺ ഏഴിന് സമർപ്പിക്കും

കോഴിക്കോട്: 2024–ലെ മാതൃഭൂമി സാഹിത്യ പുരസ്കാരം എഴുത്തുകാരി സാറാ ജോസഫിന് ജൂൺ ഏഴ് ശനിയാഴ്ച സമർപ്പിക്കും. കോഴിക്കോട് കെ.പി. കേശവമേനോൻ ഹാളിൽ വൈകുന്നേരം അഞ്ചുമണിക്കാണ് പുരസ്കാര സമർപ്പണച്ചടങ്ങ്. മൂന്ന് ലക്ഷം രൂപയും പ്രശസ്തി പത്രവും എം.വി. ദേവൻ രൂപകൽപ്പന ചെയ്ത ശിൽപ്പവും അടങ്ങുന്ന പുരസ്കാരം ഒഡിഷയിൽ നിന്നുള്ള എഴുത്തുകാരിയും ജ്ഞാനപീഠജേതാവുമായ പ്രതിഭാ റായ് ആണ് സമർപ്പിക്കുന്നത്.

മാതൃഭൂമി ചെയർമാനും മാനേജിങ് എഡിറ്ററുമായ പി.വി. ചന്ദ്രൻ സ്വാഗതം പറയുന്ന ചടങ്ങിൽ മാനേജിങ് ഡയറക്ടർ എം.വി. ശ്രേയാംസ് കുമാർ അധ്യക്ഷത വഹിക്കും. എഴുത്തുകാരായ ഇ. സന്തോഷ് കുമാറും ആർ. രാജശ്രീയും ആശംസകളർപ്പിക്കും. മാതൃഭൂമി ജോയിന്റ് മാനേജിങ് എഡിറ്റർ പി.വി. നിധീഷ് ചടങ്ങിൽ നന്ദി പ്രകാശിപ്പിക്കും.

എൻ.എസ് മാധവൻ അധ്യക്ഷനും എം. ലീലാവതി, ഇ. സന്തോഷ്കുമാർ എന്നിവർ അംഗങ്ങളുമായ ജൂറിയാണ് പുരസ്കാരജേതാവിനെ തിരഞ്ഞെടുത്തത്. സമിതി ഏകകണ്ഠമായാണ് 2024 ലെ മാതൃഭൂമി സാഹിത്യ പുരസ്കാരം സാറാ ജോസഫിന് നൽകാനുള്ള തീരുമാനമെടുത്തത്. സാറാ ജോസഫിന്റെ സാഹിത്യം വാക്കുകൾ കൊണ്ട് അവർ സാംസ്കാരിക ചരിത്രത്തിൽ ഉയർത്തിയ സ്നേഹകലാപമാണെന്ന് വിധികർത്താക്കൾ അഭിപ്രായപ്പെട്ടിരുന്നു.

തൃശ്ശൂർ ജില്ലയിലെ കുരിയച്ചിറയിൽ 1946 ഫെബ്രുവരി 10–ന് ലൂയിസിന്റേയും കൊച്ചുമറിയത്തിന്റേയും മകളായി ജനിച്ചു. ചേലക്കോട്ടുകര മാർ തിമോത്തിയൂസ് ഹൈസ്കൂളിൽ വിദ്യാഭ്യാസം. ഗവൺമെന്റ് കോളേജ് അധ്യാപികയായി വിരമിച്ചു. കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രധാന സംഘാടകയും പ്രവർത്തകയും. കേരള സാഹിത്യ അക്കാദമി മെമ്പറായിരുന്നു.

ആലാഹയുടെ പെൺമക്കൾ എന്ന നോവലിന് കേരള സാഹിത്യ അക്കാദമി പുരസ്കാരവും 2003–ലെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡും ചെറുകാട് അവാർഡും 2004–ലെ വയലാർ അവാർഡും മാറ്റാത്തിക്ക് പ്രഥമ ഒ. ചന്തുമേനോൻ പുരസ്കാരവും ലഭിച്ചു. കൂടാതെ, അബുദാബി അരങ്ങ് അവാർഡ്, കുവൈറ്റ് കലാപുരസ്കാരം, 2007–ൽ പത്മപ്രഭാ പുരസ്കാരം, മുട്ടത്തു വർക്കി പുരസ്കാരം, ഒ.വി. വിജയൻ പുരസ്കാരം, ബഷീർ പുരസ്കാരം, ശ്വാസ്വതി നാഷണൽ അവാർഡ്, പ്രഥമ കലൈഞ്ജർ കരുണാനിധി സാഹിത്യപുരസ്കാരം, ഓടക്കുഴൽ അവാർഡ്, ക്രോസ് വേർഡ് അവാർഡ്, എന്നിവയും ലഭിച്ചിട്ടുണ്ട്.

പ്രധാന കൃതികൾ: മനസ്സിലെ തീമാത്രം, കാടിന്റെ സംഗീതം, നന്മതിന്മകളുടെ വൃക്ഷം, പാപത്തറ, നിലാവ് അറിയുന്നു, ഒടുവിലത്തെ സൂര്യകാന്തി, കാടിതു കണ്ടായോ കാന്താ, പുതുരാമായണം–രാമായണകഥകൾ വീണ്ടും പറയുമ്പോൾ, ഒരു പരമരഹസ്യത്തിന്റെ ഓർമ്മയ്ക്ക് (കഥാസമാഹാരം), ആലാഹയുടെ പെൺമക്കൾ, മാറ്റാത്തി, ഒതപ്പ്, ഊരുകാവൽ, ആതി, ആളോഹരി ആനന്ദം, ബുധിനി, കറ (നോവലുകൾ). തേജോമയം, സാറായിയുടെ മരുദേശങ്ങൾ, എസ്തേർ, ഷെൽട്ടർ (നോവല്ലുകൾ), ഭഗവദ്ഗീതയുടെ അടുക്കളയിൽ എഴുത്തുകാർ വേവിക്കുന്നത്, നമ്മുടെ അടുക്കള തിരിച്ചുപിടിക്കുക (ലേഖനസമാഹാരങ്ങൾ), ലില്ല്യപ്പ (ബാലസാഹിത്യം).

എംഡിഎംഎയും, കഞ്ചാവുമായി തൃശ്ശൂർ സ്വദേശിനി കൊച്ചിയിൽ പിടിയിൽ

കൊച്ചി: പള്ളിപ്പുറം ചെറായിയിൽ എംഡിഎംഎയും, കഞ്ചാവുമായി യുവതി പിടിയിൽ. തൃശൂർ ചിയ്യാരം പള്ളിക്കുളം റോഡിൽ പാറേപറമ്പിൽ വീട്ടിൽ കാഷ്മീര പി. ജോയിയാണ് അറസ്റ്റിലായത്.

സിസ തോമസിന് പെൻഷൻ ആനുകൂല്യങ്ങൾ 2 ആഴ്ചക്കുള്ളിൽ നൽകണമെന്ന് ഹൈക്കോടതി; സർക്കാരിന് രൂക്ഷ വിമർശനം

കൊച്ചി: കേരള സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ സ്ഥാനത്തുനിന്നും ഒഴിഞ്ഞ സിസ തോമസിന് പെൻഷനടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും രണ്ടാഴ്ചക്കുള്ളിൽ നൽകണമെന്ന് ഹൈക്കോടതി. ജസ്റ്റിസുമാരായ മുഹമ്മദ് മുഷ്താഖ്, ജോൺസൺ ജോൺ എന്നിവരുടെ ബെഞ്ചാണ് ഉത്തരവിട്ടിരിക്കുന്നത്. വിരമിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെന്ന് ആരോപിച്ച് സർക്കാരിനെതിരേ സിസ തോമസ് സമർപ്പിച്ച ഹർജിയിലാണ് ഹൈക്കോടതി ഉത്തരവ്.

ആനുകൂല്യങ്ങൾ നൽകാത്തതിൽ സർക്കാരിനെ കോടതി രൂക്ഷമായി വിമർശിച്ചു. വൈസ്ചാൻസലർ സ്ഥാനത്ത് നിന്ന് ഒഴിഞ്ഞ് രണ്ട് വർഷം കഴിഞ്ഞിട്ടും എന്തുകൊണ്ടാണ് ഗ്രാറ്റുവിറ്റിയടക്കമുള്ള യാതൊരു ആനുകൂല്യവും നൽകാത്തതെന്ന് കോടതി ചോദിച്ചിരുന്നു. സിസ തോമസിനെതിരെ നേരത്തെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിരമിക്കുന്നതിനു മുന്നേയുള്ള ബാധ്യതകൾ സംബന്ധിച്ച പ്രശ്നങ്ങൾ നിലവിലുള്ളതിനാലുമാണ് തടസമെന്നാണ് സർക്കാർ ഹൈക്കോടതിയെ അറിയിച്ചത്. എന്നാൽ ഇതെല്ലാം വിരമിക്കുന്നതിന് മുമ്പുതന്നെ തീർക്കേണ്ടതല്ലേയെന്ന് കോടതി ചോദിക്കുകയും സർക്കാരിനെതിരേ രൂക്ഷമായ വിമർശനം ഉന്നയിക്കുകയുമായിരുന്നു.

2022 നവംബറിലാണ് സാങ്കേതിക വിദ്യാഭ്യാസവകുപ്പ് സീനിയർ ജോയിന്റ് ഡയറക്ടറായിരുന്ന സിസ തോമസിനെ സാങ്കേതിക സർവകലാശാലാ വി.സിയായി അന്നത്തെ ചാൻസലറും ഗവർണറുമായിരുന്ന ആരിഫ് മുഹമ്മദ് ഖാൻ നിയമിച്ചത്. സർക്കാരിന്റെ നാമനിർദേശം തള്ളിയുള്ള ഈ നിയമനം സർക്കാരിനെ ചൊടിപ്പിക്കുകയായിരുന്നു. പിന്നീട് സിസ തോമസ് വിരമിക്കുന്ന മാർച്ച് 31–ന് ഹിയറിങ്ങിന് അഡീഷണൽ സെക്രട്ടറിയുടെ മുന്നിൽ ഹാജരാകണമെന്നുകാണിച്ച് തലേന്ന് ഓഫീസ് സമയത്തിനുശേഷം ഇ–മെയിലായി കത്തുനൽകുകയായിരുന്നു. വിരമിക്കൽ ദിവസമായതിനാലും വി.സി.യെന്നനിലയിലും പ്രിൻസിപ്പലെന്ന നിലയിലും മാർച്ച് 31–ന് ബില്ലുകൾ മാറുന്നതടക്കമുള്ള ഉത്തരവാദിത്വങ്ങളും കാണിച്ച് ഹാജരാകാനുള്ള അസൗകര്യമറിയിച്ച് സിസ മറുപടി നൽകി. എന്നാൽ വിരമിച്ചശേഷം പെൻഷനും ആനുകൂല്യങ്ങളും ചോദിച്ചപ്പോൾ അച്ചടക്കനടപടി തുടങ്ങിയതിനാൽ ഇപ്പോൾ നൽകാനാകില്ലെന്ന് അറിയിക്കുകയായിരുന്നു. തുടർന്നാണ് സിസ തോമസ് ഹൈക്കോടതിയെ സമീപിച്ചത്.

കുമ്പളങ്ങാട് ബിജു വധക്കേസ്: ശിക്ഷ നാളെ പ്രഖ്യാപിക്കും

തൃശൂർ: സി.പി.ഐ(എം) പ്രവർത്തകനും. ഡിവൈഎഫ്ഐയുടെ സജീവ സംഘാടകനുമായിരുന്ന വടക്കാഞ്ചേരി വില്ലേജ് കുമ്പളങ്ങാട് ദേശത്ത് ചാലയ്ക്കൽ വീട്ടിൽ തോമസ് മകൻ ബിജു (31)വിനെ വെട്ടിക്കൊലപ്പെടുത്തുകയും, സിഐടിയു ചുമട്ടുതൊഴിലാളിയായ കുമ്പളങ്ങാട് ദേശത്ത് പന്തലങ്ങാട്ട് രാജൻ മകൻ ജിനീഷിനെ (39) വെട്ടിക്കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്ത കേസിൽ തൃശൂർ 3–ാം അഡീഷണൽ ജില്ലാ & സെഷൻസ് ജഡ്ജ് കെ.എം രതീഷ് കുമാർ മുഴുവൻ പ്രതികളും കൊലപാതക കുറ്റം ചെയ്തതിന് കുറ്റക്കാരെന്ന് ഇന്നലെ കണ്ടെത്തി. പ്രതികൾ 8 പേരെയും റിമാണ്ട് ചെയ്ത് സബ് ജയിലിലേക്ക് അയച്ചു. പ്രതികളുടെ വാദം ഇന്ന് കോടതി കേട്ടു.ശിക്ഷ നാളെ പ്രസ്താവിക്കും.

കേസിൽ ആകെ 9 പ്രതികളാണ് ഉണ്ടായിരുന്നത്. വിചാരണയ്ക്കിടയിൽ 6–ാം പ്രതി രവി എന്നയാൾ മരണപ്പെട്ടു. പ്രതികളായ കുമ്പളങ്ങാട് മൂരായിൽ പരമേശ്വരൻ മകൻ ജയേഷ് (43), ഇരവുകുളങ്ങര ശങ്കരൻനായർ മകൻ സുമേഷ് (42), കുറ്റിക്കാടൻ അന്തോണി മകൻ സെബാസ്റ്റ്യൻ (46), തൈക്കാടൻ ഔസേഫ് മകൻ ജോൺസൺ (51), കിഴക്കോട്ടിൽ കൃഷ്ണൻകുട്ടിനായർ മകൻ ബിജു എന്ന കുചേലൻ ബിജു (46), കരിമ്പന വളപ്പിൽ തങ്കപ്പൻ മകൻ സജീഷ് എന്ന സതീഷ് (39). കരിമ്പനവളപ്പിൽ വേലായുധൻ മകൻ സുനീഷ് (34), കരിമ്പനവളപ്പിൽ തങ്കപ്പൻ മകൻ സനീഷ് (37) എന്നിവരെയാണ് കോടതി കുറ്റക്കാരെന്ന് കണ്ടെത്തിയത്. പരിക്കു പറ്റിയ ജിനീഷ് അടക്കം മൊത്തം 24 സാക്ഷികളെ പ്രോസിക്യൂഷൻ ഭാഗത്തുനിന്നും വിസ്തരിച്ചു. 82 രേഖകളും വാളുകൾ ഉൾപ്പെടെ 23 തൊണ്ടി മുതലുകളും ഹാജരാക്കി.

വടക്കാഞ്ചേരി സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന ഇപ്പോഴത്തെ ഗുരുവായൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ആയ ടി.എസ്. സിനോജാണ് കേസന്വേഷണം നടത്തി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്. പ്രോസിക്യൂഷനു വേണ്ടി സ്പെഷ്യൽ പബ്ലിക്ക് പ്രോ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

വ്യാപാരി കുംടുംബ സുരക്ഷാ പദ്ധതി

തൃശൂർ: കേരളവ്യാപാരി വ്യവസായി ഏകോപന സമിതി തൃശൂർ ജില്ലാ കമ്മറ്റിയുടെ കുടുംബ സുരക്ഷാ പദ്ധതികൾ വൻ വിജയം. ഭദ്രം, ഭദ്രം പ്ലസ് പദ്ധതികളിലൂടെ 2022 മുതൽ ഇതുവരെ 50 കോടി രൂപ ജീവകാരുണ്യ സഹായമായി വിതരണം ചെയ്തു. സംസ്ഥാനത്ത് ആദ്യമായി തൃശൂരിലാണ് ഈ മാതൃകാ പദ്ധതിനടപ്പാക്കുന്നത്. വ്യാപാരികൾ, കുടുംബാംഗങ്ങൾ, സ്ഥാപന ജീവനക്കാർ എന്നിവരാണ് പദ്ധതി ഗുണഭോക്താക്കൾ. സമിതി അംഗങ്ങൾ അൻപതിനായിരവും,കുടുംബാംഗങ്ങൾ രണ്ടര ലക്ഷം പേരും വരും. ഇവർക്ക് വി കെയർ - ആരോഗ്യ സംരക്ഷണ പദ്ധതിയും തുടങ്ങും. വീടില്ലാത്തവർക്ക് വിട് നിർമിച്ചു നൽകുന്ന പദ്ധതിയും തുടങ്ങും.അംഗങ്ങൾ, ഉദാരമനസ്കർ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് പദ്ധതികൾക്ക് ധന സമാഹരണം കണ്ടെത്തുന്നത്.

ലക്ഷ്യം കണ്ട പദ്ധതികളുടേയും, തുടർ പദ്ധതികളുടേയും പ്രഖ്യാപനം, ഉൽഘാടനം എന്നിവ ജൂൺ ഒന്നാം തീയതി നടക്കും. തൃശൂർ ഡി.ബി.സി.എൽ. സി. ഹാളിൽ കാലത്ത് 10 മണിക്ക് ലീഡേഴ്സ് മീറ്റിൽ മന്ത്രി കെ. രാജനാണ് ഉൽഘാടനം നിർവഹിക്കുക. സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര തുടങ്ങിയവർ പങ്കെടുക്കും

പരിപാടികൾ വിശദീകരിച്ച വാർത്താ സമ്മേളനത്തിൽ, കെ. വി.വി. ഇ.എസ്. ജില്ലാ പ്രസിഡന്റ്റ് കെ.വി.അബ്ദുൾ ഹമീദ്, ജനറൽ സെക്രട്ടറി എൻ. ആർ. വിനോദ് കുമാർ, ഭാരവാഹികളായ ജോയ് മൂത്തേടൻ, കെ.കെ. ഭാഗ്യനാഥൻ, വി.ടി. ജോർജ് പങ്കെടുത്തു.

വിധിപ്രകാരം ഏ സി യുടെ വിലയും നഷ്ടവും നൽകിയില്ല, ഹെയർ അപ്ലയൻസസ് എം.ഡി.ക്ക് വാറണ്ട്

തൃശൂർ: വിധിപ്രകാരം ഏ സി യുടെ വിലയും നഷ്ടവും നൽകാതിരുന്നതിനെ ചോദ്യം ചെയ്ത് ഫയൽ ചെയ്ത ഹർജിയിൽ വാറണ്ട് അയക്കുവാൻ ഉത്തരവ്.തൃശൂർ കൊപ്രക്കളം പുതിയവീട്ടിൽ അബൂബക്കർ പി.കെ.ഫയൽ ചെയ്ത ഹർജിയിലാണ് ന്യൂഡൽഹിയിലെ ഹെയർ അപ്ലയൻസസ് ഇന്ത്യ പി ലിമിററഡിന്റെ മാനേജിങ്ങ് ഡയറക്ടർക്കെതിരെ ഇപ്രകാരം ഉത്തരവായത്. ഏ സി യുടെ തകരാറാരോപിച്ച് അബൂബക്കർ ഫയൽ ചെയ്ത ഹർജിയിൽ ഏ സി യുടെ വില 19000 രൂപയും നഷ്ടപരിഹാരമായി 10000 രൂപയും നൽകുവാൻ വിധിയുണ്ടായിരുന്നു.എന്നാൽ വിധി പാലിക്കപ്പെടുകയുണ്ടായില്ല. തുടർന്ന് വിധി പാലിക്കാതിരുന്നതിനെ ചോദ്യം ചെയ്ത് ഹർജി ഫയൽ ചെയ്യുകയായിരുന്നു. വിധി പാലിക്കാതിരുന്നതിന് മൂന്ന് വർഷം വരെ തടവിന് ശിക്ഷിക്കുവാൻ ഉപഭോക്തൃകോടതിക്ക് അധികാരമുള്ളതാകുന്നു.

ഹർജി പരിഗണിച്ച പ്രസിഡണ്ട് സി.ടി. സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃകോടതി എതിർകക്ഷിക്കെതിരെ പോലീസ് മുഖേന വാറണ്ട് അയക്കുവാൻ കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

സോഷ്യൽ വർക്ക് വിഭാഗം അധ്യാപക ഇന്റർവ്യൂ

ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിൽ സോഷ്യൽ വർക്ക് വിഭാഗം അധ്യാപക ഇന്റർവ്യൂ ജൂൺ 3 ന് രാവിലെ 10 മണിക്ക് നടക്കും. പി. എച്ച്ഡി, നെറ്റ് ഉള്ളവർക്ക് മുൻഗണന.

വ്യാപാരി വ്യവസായി ഏകോപന സമിതി വെസ്റ്റ് ഫോർട്ട് യൂണിറ്റ് നവീകരിച്ച വ്യാപാരഭവൻ ഉദ്ഘാടനവും 43-ാം വാർഷിക പൊതുയോഗവും

പടിഞ്ഞാറെകോട്ട: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വെസ്റ്റ് ഫോർട്ട് യൂണിറ്റിന്റെ നവീകരിച്ച വ്യാപാരഭവൻ ഉദ്ഘാടനവും 43-ാം വാർഷിക പൊതുയോഗവും ജൂൺ 1 ഞായറാഴ്ച നടത്തുന്നു. വ്യാപാരഭവൻ ഉദ്ഘാടനം അന്ന് വൈകീട്ട് 4.30ന് അരണാട്ടുകര മാർക്കറ്റ് റോഡിലാണ് നടക്കുക. പൊതുയോഗ ഉദ്ഘാടനം വൈകീട്ട് 5 മണിക്ക് പൂത്തോൾ ഹോട്ടൽ മെർളിൻ ഇന്റർനാഷണലിലും നടക്കും.

വ്യാപാരഭവന്റെ ഉദ്ഘാടനവും പൊതുയോഗത്തിന്റെ ഉദ്ഘാടനവും വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡണ്ട് കെ അബ്ദുൾ ഹമീദാണ് നിർവ്വഹിക്കുക.

യൂണിറ്റ് പ്രസിഡണ്ട് എ എൽ ടോണി ആധ്യക്ഷം വഹിക്കും. ജില്ലാ സെക്രട്ടറി എൻ ആർ വിനോദ്കുമാർ, ജില്ലാ ട്രഷറർ ജോയ് മൂത്തേടൻ, കൗൺ സിലർ അനൂപ് ഡേവീസ് കാട, ജില്ലാ സെക്രട്ടറി വി ടി ജോർജ്ജ്, ജോഷി മാത്യു തേറാട്ടിൽ എന്നിവർ പങ്കെടുക്കും. എസ് എസ് എൽ സി, പ്ലസ് 2 പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ വ്യാപാരികളുടെ മക്കളെ യോഗത്തിൽ ആദരിക്കും.

പ്രസിഡണ്ട് എ എൽ ടോണി ആധ്യക്ഷം വഹിക്കുന്ന പൊതുയോഗത്തിൽ ആന്റോ കുണ്ടുകുളം സ്വാഗതം പറയും. ഉന്മേഷ് പാറയിൽ റിപ്പോർട്ട് അവതരിപ്പിക്കും. എ എ വർഗ്ഗീസ് കണക്കുകൾ അവതരിപ്പിക്കും. കെ വി അബ്ദുൾഹമീദ് ഉദ്ഘാടനം നിർവ്വഹിക്കും. കൗൺസിൽ അനൂപ് കാട എ പ്ലസ് നേടിയ വിദ്യാർത്ഥികളെ അനുമോദിക്കും. വ്യാപാരികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും സംബന്ധിച്ച് ജോസ് കെ പാനികുളം പ്രമേയമവതരിപ്പിക്കും.

എ ആർ പ്രമോദ്കുമാർ മുഖ്യപ്രഭാഷണം നടത്തും. ജോയ് മൂത്തേടൻ, വി ടി ജോർജ്ജ്, ജോഷി മാത്യു തേറാട്ടിൽ, പി വി സെബാസ്റ്റ്യൻ, ജെൽസൻ ജെ ആളൂർ, പോൾ സി റാഫേൽ, ഡിക്സൻ പടിക്കല എന്നിവർ ആശംസാപ്രസംഗം നടത്തും. റോബിൻ ജോസ് നന്ദിയും പറയും.

ചിന്തു ചന്ദ്രൻ ഒഫീഷ്യൽ എക്സിക്യൂട്ടീവ്

തൃശൂർ: അമേരിക്കൻ സൈക്കോളജിക്കൽ അസോസിയേഷന്റെ അന്തർ ദേശീയ അഫിലിയേഷനോടെ അയ്യന്തോളിൽ പ്രവർത്തിക്കുന്ന എൻജോയ് ഹോം മന:ശ്ശാസ്ത്ര കൗൺസലിങ്ങ് സെന്ററിന്റെ ഒഫീഷ്യൽ എക്സിക്യൂട്ടീവ് ആയി ചിന്തു ചന്ദ്രൻ പ്രവർത്തിക്കുമെന്ന് എൻജോയ് ഹോം ഡയറക്ടറും ചീഫ് കൺസൾട്ടന്റുമായ സൈക്കോളജിസ്റ്റ് ഡോ. പി എം ജവഹർലാൽ അറിയിച്ചു.

ചിന്തു ചന്ദ്രൻ അഡ്യക്കെറ്റ്സ് ക്ലർക്സ് അസോസിയേഷന്റെ തൃശൂർ ജില്ലാ എക്സിക്യൂട്ടീവ് അംഗവും, എസ് എൻ ഡി പി യോഗത്തിന്റെ ഡയറക്ടർ ബോർഡ് മെമ്പറുമാണ്.

അശോകൻ സി.പി.ക്ക് സ്നേഹാദരം

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുടയുടെ അഭിമാനമായ സന്തോഷ് ട്രോഫി ഫുട്ബോൾ താരവും പോലിസ് കമാൻഡന്റുമായ അശോകൻ സി.പി.ക്ക് സ്നേഹാദരം

ഈ മാസം - 31 ന് സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്യുന്ന മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ ജേതാവും അസിസ്റ്റന്റ് കമാൻഡന്റ് ഓഫ് കേരള പോലീസും പ്രശ്സതനായ ഫുട്ബോൾ കളിക്കാരനുമായ അശോകൻ.സി.പി.ക്ക് അയങ്കാവ് മൈതാനം ഫ്രണ്ട്സ് കൂട്ടായ്മയുടെ സ്നേഹാദരം പ്രിയ ഹാളിൽ വച്ച് നടന്ന ചടങ്ങിൽ, തോമസ് കാട്ടുക്കാരൻ പൊന്നാടയും ജോസഫേട്ടനും എ.ടി. വർക്കിയും കുട്ടുക്കാരും ചേർന്ന് സ്നേഹോപഹാരവും നൽകി.

കെ. ജി. ഓ. യു സംസ്ഥാന ജനറൽ സെക്രട്ടറി വി.എം ഷൈൻ ജീവനക്കാരുടെ അവകാശ പോരാട്ടങ്ങൾക്ക് നേതൃത്വം വഹിച്ച വ്യക്തി

തൃശൂർ: കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറിയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്മായ വി എം ഷൈൻ 2025 മെയ് 31ന് സർക്കാർ സർവീസിൽ നിന്നും വിരമിക്കുകയാണ്

ദീർഘകാലത്തെ സർക്കാർ സേവന രംഗത്ത് പ്രവർത്തിച്ച തിനുശേഷം ആണ് അദ്ദേഹം വിരമിക്കുന്നത്. കേരള വിദ്യാർത്ഥി യൂണിയൻ, യൂത്ത് കോൺഗ്രസ് ഭാരവാഹി ആയിരിക്കുമ്പോഴാണ് അദ്ദേഹത്തിന് സർക്കാർ ജോലി ലഭിക്കുന്നത്. സർക്കാർ ജോലിലഭിച്ചതിനുശേഷം ജീവനക്കാരുടെയും അവകാശ പോരാട്ടങ്ങൾക്ക് വേണ്ടി പോരാടുന്ന കേരള എൻ.ജി.ഒ അസോസിയേഷന്റെയും, തുടർന്ന് കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയന്റെയും സജീവ പ്രവർത്തകനും നേതൃത്വ രംഗത്തേക്കും മാറുകയായിരുന്നു. എ കെ ആൻറണി സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ മരവിപ്പിച്ചപ്പോൾ ഭരണത്തിന് നേതൃത്വം നൽകുന്ന രാഷ്ട്രീയം ഏതാണെന്ന് നോക്കാതെ അതിനെതിരെ ശക്തമായ സമരം നയിച്ച വ്യക്തിയായിരുന്നു

ജീവനക്കാരുടെ അവകാശങ്ങൾ കഴിഞ്ഞ 9 വർഷങ്ങളായി ജീവനക്കാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും ഒന്നൊന്നായി ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജീവനക്കാരെ ഒന്നായി അണിനിർത്തി പ്രക്ഷോഭം നയിക്കുന്നതിൽവി.എം.ഷൈൻ നേതൃത്വം നൽകി.

വി.എം. ഷൈനെ ആദരിച്ചുകൊണ്ട് തൃശ്ശൂർ കിഴക്കേകോട്ടയിൽ നടന്ന സ്നേഹ സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് മുൻ എം പി ടി എൻ പ്രതാപൻ പറഞ്ഞു ഡിസിസി പ്രസിഡണ്ട് അഡ്വ. ജോസഫ് ടാജറ്റ് മുഖ്യപ്രഭാഷണം നടത്തി. എംഇഎസ് സംസ്ഥാന ജനറൽ സെക്രട്ടറി കെ കെ കുഞ്ഞുമൊയ്തീൻ അധ്യക്ഷത വഹിച്ച യോഗത്തിൽ യുഡിഎഫ് കൺവീനർ ടിവി ചന്ദ്രമോഹൻ കെപിസിസി സെക്രട്ടറി എ പ്രസാദ് കെ ജി ഓ യു സംസ്ഥാന പ്രസിഡണ്ട് കെസി സുബ്രഹ്മണ്യൻ ഐ.എൻ.ടി.യു.സി ജില്ലാ പ്രസിഡണ്ട് സുന്ദരൻ കുന്നത്തുള്ളി എംഇഎസ് സംസ്ഥാന ട്രഷറർ ഓ.സി സലാഹുദ്ദീൻ, സംസ്ഥാന സെക്രട്ടറി എസ്എംഎസ് മുജീബ് റഹ്മാൻ ഡോക്ടർ സി ബി അജിത് കുമാർ പി രാമചന്ദ്രൻ കെ എം അബ്ദുൽ ജമാൽ ഇ കെ സേമൻ മാസ്റ്റർ പി കെ മുഹമ്മദ് ഷമീർ എൻ.ജി.ഒ. അസോസിയേഷൻ മുൻ സംസ്ഥാന പ്രസിഡണ്ട് എൻ. കെ ബെന്നി ജില്ലാ പ്രസിഡണ്ട് എം.ഒ.ഡയസൻ ഡോക്ടർ ജോസ് കാട്ടുക്കാരൻ തുടങ്ങിയവർ പ്രസംഗിച്ചു.

പൂമംഗലത്തും ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തനം ആരംഭിച്ചു

ഇരിങ്ങാലക്കുട : തുടർച്ചയായ മഴയിൽ മുകുന്ദപുരം താലൂക്കിൽ ഒരു വീട് കൂടി ഭാഗികമായി തകർന്നു. മാടായിക്കോണത്ത് തറയിൽ അപ്പുക്കുട്ടന്റെ വീടാണ് കവുങ്ങ് വീണ് ഭാഗികമായി തകർന്നത്.

അതേ സമയം താലൂക്കിൽ പൂമംഗലത്ത് എസ്എൻജിഎസ്എസ് സ്കൂളിൽ ഒരു ദുരിതാശ്വാസ ക്യാമ്പ് കൂടി ആരംഭിച്ചു. ഒരു കുടുംബത്തിൽ നിന്നായി മൂന്ന് പേരാണ് ഇവിടെ ഉള്ളത്.

എടതിരിഞ്ഞി എച്ച്ഡിപി സ്കൂളിൽ കഴിഞ്ഞ ദിവസം ആരംഭിച്ച ക്യാമ്പിൽ ഒൻപത് പേരാണ് കഴിയുന്നത്.

മുനയം പാലം വന്നെങ്കിൽ ഈ ഗതി വരുമോ: കേരള കോൺഗ്രസ്

കാട്ടൂർ :മുനയം പാലം വന്നിരുന്നുവെങ്കിൽ ഈ ഗതി വരുമോ എന്ന് ചോദ്യം ഉയർത്തി കേരള കോൺഗ്രസ് പ്രവർത്തകർ മുനയത്തെ താല്ക്കാലിക ബണ്ട് തകർന്നതിന് സമീപം പ്രതിഷേധ ധർണ്ണ നടത്തി.

മുനയത്ത് സ്ഥിരം പാലം നിർമ്മിക്കുന്നതിന് യു. ഡി. എഫ് സർക്കാരിന്റെ ഭരണ കാലത്ത് എം. എൽ. എ ആയിരുന്ന തോമസ് ഉണ്ണിയാടന്റെയും മറ്റും ശ്രമഫലമായി റെഗുലേറ്റർ കം ബ്രിഡ്ജ് പണിയുന്നതിന് ഭരണാനുമാതിയും സാങ്കേതികാനുമതിയും ഫണ്ടും അനുവദിച്ചിരുന്നെങ്കിലും എൽ. ഡി. എഫ് ഭരണ കാലത്ത് ഇത് നഷ്ടപ്പെടുത്തിയതുമൂലം ഓരോ വർഷവും അരകോടിയോളം രൂപ മുടക്കി താല്ക്കാലിക ബണ്ട് നിർമ്മിക്കുകയും ഈ താല്ക്കാലിക ബണ്ട് ഇതുപോലെ ഇടക്കിടക്ക് തകരുകയും പിന്നീട് വീണ്ടും വലിയ പണം മുടക്കി തുടർച്ചയായി ബണ്ട് നിർമ്മിക്കുകയും ചെയ്തുകൊണ്ടിരിക്കേണ്ട ഗതികേടിലാണ് എത്തിനിൽക്കുന്നതെന്ന് ധർണ്ണാ സമരം ചൂണ്ടിക്കാട്ടി.സംസ്ഥാന സർക്കാരും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റും ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് റെഗുലറ്റർ കം ബ്രിഡ്ജ് യാഥാർഥ്യ മാക്കണമെന്ന് കേരള കോൺഗ്രസ് ആവശ്യപ്പെട്ടു.ഈ ആവശ്യം ഉന്നയിച്ച് കാട്ടൂരിൽ കേരള കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ മുനയത്ത് ബണ്ടിൽ നിൽപ്പ് സമരവും മുനയം മാർച്ചും കൂട്ടപ്രതിഷേധ ധർണ്ണയും സംഘടിപ്പിച്ചിരുന്നു.

തകർന്ന ബണ്ടിന് സമീപം നടന്നപ്രതിഷേധധർണ്ണ നിയോജക മണ്ഡലം വൈസ് പ്രസിഡന്റ് സതീഷ് കാട്ടൂർ ഉദ്ഘാടനം ചെയ്തു.മണ്ഡലം പ്രസിഡന്റ് അഷ്റഫ് പാലിയത്താഴത്ത് അധ്യക്ഷത വഹിച്ചു.ഭാരവാഹികളായഅശോകൻ ഷാരടി,മുജീബ്. സി. ബി, വേണുഗോപാൽ, രതീഷ്, യൂസഫലി എന്നിവർ പ്രസംഗിച്ചു.

തൃശൂരിലെ കവിയും സാംസ്കാരിക പ്രവർത്തകനുമായ എ പി.നാരായണൻകുട്ടി തന്റെ കാവ്യ - കഥാ പുസ്തകങ്ങൾ മുൻ മന്ത്രി ഡോ തോമസ് ഐസക്കിന് സമ്മാനിച്ചപ്പോൾ. ബാങ്ക് റിട്ടയേഴ്സ് ഓഫീസേഴ്സ് സംഗമത്തിലായിരുന്നു ചടങ്ങ്

കുടുംബസംഗമം

തൃശൂർ: കൊക്കാലമാസ്റ്റേഴ്സ് കുടുംബസംഗമം 2025 പേൾ റീജൻസിയിൽ നടന്നു. അഡ്വ. എ വൈ ഖാലിദ് കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. ചെയർമാൻ മുഹമ്മദ് ഹനീഫ അധ്യക്ഷത വഹിച്ചു. തുടർന്ന് കുട്ടികൾക്കുള്ള വിദ്യാഭ്യാസ എന്റോവ്മെന്റ് വിതരണവും ലഹരി വിരുദ്ധ പ്രതിജ്ഞയും എടുത്തു. ജനറൽ സെക്രട്ടറി അഷ്റഫ് പി എ സ്വാഗതവും ട്രഷറർ നൈമുദ്ദീൻ നന്ദിയും പറഞ്ഞു.

ആക്ട്സ് ഗുരുവായൂരിന്റെ വാർഷിക സമ്മേളനം ജൂൺ 1ന്

ഗുരുവായൂർ: പതിനെട്ട് വർഷമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ആക്ട്സ് ഗുരുവായൂരിന്റെ വാർഷിക സമ്മേളനം ജൂൺ ഒന്ന് രാവിലെ പത്തിന് ലയൺസ് ക്ലബ്ബ് ഹാളിൽ പ്രസിഡണ്ട് കെ.പി.എ. റഷീദിന്റെ അദ്ധ്യക്ഷതയിൽ ചേരുന്നു. നഗരസഭ ചെയർമാൻ എം. കൃഷ്ണദാസ് ഉൽഘാടനവും,ജില്ലാ ജനറൽ സെക്രട്ടറിയും തൃശൂർ കോർപ്പറേഷൻ മേയറുമായ എം.കെ. വർഗ്ഗീസ് മുഖ്യപ്രഭാഷണവും നടത്തും.

ആക്ട്സ് കുടുംബാംഗങ്ങളുടെ മക്കളിൽ എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിൽ എപ്ലസ് ലഭിച്ച വിദ്യാർഥികളെയും എൽ എസ് എസ് /യു എസ് എസ് സ്കോളർഷിപ്പ് പരീക്ഷകളിൽ വിജയം നേടിയ വിദ്യാർഥികളേയും വളണ്ടിയർമാരേയും അനുമോദിക്കും. നഗരസഭ കൗൺസിലർമാർ, പോലീസ് അധികാരികൾ, മുൻഭാരവാഹികൾ ആശംസ നേരുമെന്ന് സെക്രട്ടറി പ്രസാദ് പട്ടണത്ത് അറിയിച്ചു.

ജില്ലയിലെ യാത്ര ദുരിതം ജില്ലഭരണകൂടത്തിന്റെ നിസ്സംഗത നിർഭാഗ്യകരം: കേരള യൂത്ത് ഫ്രണ്ട്

തൃശൂർ: ജില്ലയിലെ യാത്ര ദുരിതത്തിന്റെ കാരണം ജില്ലാ ഭരണകൂടത്തിന്റെഏകോപനം ഇല്ലാത്ത പ്രവർത്തനങ്ങളും, പൂർണ്ണമായ നിസംഗതയും ആണെന്ന് കേള യൂത്ത് ഫ്രണ്ട് ജില്ലാ നേതൃയോഗം കുറ്റപ്പെടുത്തി.

ഒരു പ്രധാന റോഡിലൂടെയും യാത്ര ചെയ്യാൻ സാധിക്കാത്ത രീതിയിൽ എല്ലാ റോഡുകളും പൊളിച്ചിരിക്കുകയാണ്. പകരം യാത്ര മാർഗങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ പൂർണമായും ജില്ലഭരണകൂടം പരാജയപെട്ടുവെന്നും യോഗം കുറ്റപ്പെടുത്തി. ജില്ലാ ഭരണകൂടത്തിന്റെ നിസംഗതക്കെതിരെ സമരമാരംഭിക്കാൻ യോഗം തീരുമാനിച്ചു. ജൂൺ 14 15 തീയതികളിൽ ടൗൺഹാളിൽ നടക്കുന്ന കേരള കോൺഗ്രസ് ജില്ലാ ക്യാമ്പ് വിജയിപ്പിക്കാൻ യോഗം തീരുമാനിച്ചു. യോഗത്തിൽ കേരള യൂത്ത് ഫ്രണ്ട് ജില്ലാ പ്രസിഡണ്ട് ജോബി ആലപ്പാട്ട് അധ്യക്ഷത വഹിച്ചു. യോഗം കേരള യൂത്ത് ഫ്രണ്ട് സംസ്ഥാന പ്രസിഡണ്ട് കെ. വി കണ്ണൻ ഉദ്ഘാടനം ചെയ്തു. കേരള കോൺഗ്രസ് സംസ്ഥാന വൈസ് ചെയർമാൻ എം. പി . പോളി, മുഖ്യാതിഥിയായിരുന്നു.കേരള കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് സി .വി കുര്യാക്കോസ് മുഖ്യ പ്രഭാഷണം നടത്തി. യോഗത്തിൽ കേരള കോൺഗ്രസ് ജില്ലാ വൈസ് പ്രസിഡണ്ട് തോമസ് ആന്റണി, കേരള യൂത്ത് ഫ്രണ്ട് സംസ്ഥാന ജനറൽ സെക്രട്ടറി ടി പി സന്തോഷ്, ജില്ലാ ജനറൽ സെക്രട്ടറി പ്രീറ്റ് ജെ മുരിയാടൻ, അദീപ് അവനൂർ, ബിനോയ് ടി സി തുടങ്ങിയവർ സംസാരിച്ചു.

ഗതാഗതത്തിന് താത്കാലിക നിരോധനം

ഇരിങ്ങാലക്കുട : പടിയൂർ പഞ്ചായത്തിലെ അഞ്ച്, ആറ് വാർഡുകളിലെ വിവിധ കേന്ദ്രങ്ങളിൽ രൂപപ്പെട്ട വെള്ളക്കെട്ട് ഒഴിവാക്കാൻ പഞ്ചായത്തിലെ കോട്ടുകുളം - പുളിക്കലച്ചിറ റോഡിൽ പടിഞ്ഞിനോട് ചേർന്നുള്ള ബണ്ട് റോഡ് നാലിടത്ത് പൊളിച്ചു. വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് ഉറപ്പാക്കാൻ കഴിഞ്ഞ ദിവസവും ഇന്നുമായിട്ടാണ് റോഡ് പൊളിച്ചത്. പഞ്ചായത്തിലെ പത്തനങ്ങാടി പ്രദേശത്തെ വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് വീട്ടുകാർ ദുരിതാശ്വാസ ക്യാമ്പുകളിലും ബന്ധു വീടുകളിലുമാണ്. പൊളിച്ച നാലിടത്തും പൈപ്പ് ഇട്ട് റോഡ് മണ്ണിട്ട് മൂടാനും ശക്തിപ്പെടുത്താനുമാണ് ഉദ്ദേശിക്കുന്നത്. മഴയും വെള്ളത്തിന്റെ ശക്തിയായ ഒഴുക്കും തുടരുന്ന സാഹചര്യത്തിൽ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയിലേക്ക് കടന്നിട്ടില്ല. റോഡ് പൊളിച്ച സാഹചര്യത്തിൽ പടിയൂർ- പൂമംഗലം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡിലൂടെയുള്ള ഗതാഗതം താത്കാലികമായി നിരോധിച്ചിട്ടുണ്ട്. നിർമ്മാണത്തിൽ പിഴവ് കണ്ടെത്തിയതിനെ തുടർന്ന് കഴിഞ്ഞ ആഴ്ചയാണ് 1. 62 കോടി രൂപ ചിലവിൽ റോഡിൽ നിർമ്മിക്കുന്ന പുളിക്കലച്ചിറ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിറുത്തി വച്ചത്. അപാകതകൾ പരിഹരിക്കുന്നതോടൊപ്പം നാലമ്പല ദർശനത്തിനായി തീർഥാടകർ ആശ്രയിക്കുന്ന റോഡ് ഉയർത്തി ശക്തിപ്പെടുത്താനുമാണ് അധികൃതർ തീരുമാനിച്ചിരിക്കുന്നത്.

30 വർഷത്തെ പ്രഗത്ഭമായ സേവനത്തിനുശേഷം നാളെ സർവ്വീസിൽ നിന്നും വിരമിക്കുന്ന ഇരിങ്ങാലക്കുട ഫാമിലി കോടതിയിലെ ശിരസ്തദാർ ബാബുരാജ് സി പി. പ്രശസ്ത സാഹിത്യകാരനായ ബാബുരാജ് 1996 ഫെബ്രുവരി 16നാണ് സർവ്വീസിൽ പ്രവേശിച്ചത്.

25 വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം നാളെ സർവ്വീസിൽ നിന്നും വിരമിക്കുന്ന ഇരിങ്ങാലക്കുട കുടുബകോടതിയിലെ ജൂനിയർ സൂപ്രണ്ട് ബീന എം എം

പുതുക്കാട് തെക്കേ തൊറവ് ഇടവക ദേവാലയത്തിലെ ഊട്ട് തിരുന്നാൾ ജൂൺ 7, 8 തിയ്യതികളിൽ

പുതുക്കാട്: തെക്കേ തൊറവ് ഇടവക ദേവാലയത്തിലെ വി.അന്തോണീസിന്റെ 4-മത് ദർശന ഊട്ടുതിരുന്നാളിന്റെ ഇന്ന് രാവിലെ കൊടികയറി. രാവിലെ 6.15ന് റവ ഫാദർ ടെന്നി പാറയ്ക്കൽ തിരുനാൾ കൊടിയേറ്റം നിർവഹിച്ചു. ട്രസ്റ്റിമാരായ ഐസക്ക് കുറ്റിക്കാടൻ , ജോയ് നടക്കലാൻ, തിരുനാൾ ജനറൽ കൺവീനർ ഷാജു മപ്രാണത്തു ക്കാരൻ, ജെയ്സൺ കുറ്റിക്കാടൻ, ആന്റണി നടക്കലാൻ , ജോസ് മംഗലൻ തിരുനാൾ പ്രസുദേന്തി വിൻസന്റ് പുളിക്കൻ എന്നിവർ നേത്രത്വം നൽകി ജൂൺ 8 ഞായറാഴ്ച രാവിലെ 9 മണിക്ക് ആഘോഷമായ ദിവ്യബലി പുതുക്കാട് ഫൊറോന പള്ളി വികാരി ഫാ.പോൾ തേക്കാന്നത്ത് തിരുനാൾ സന്ദേശം ഫാദർ ' സിന്റോ പൊന്തേയ്ക്കൻ തുടർന്ന് തിരുനാൾ പ്രദിക്ഷണം നേർച്ചഭക്ഷണം സെഞ്ചിരിപ്പ്

കോടതി പരസ്യം

ബഹു. തൃശൂർ നാലാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

GOP: 120/2025

1) മുകുന്ദപുരം താലൂക്ക്, കല്ലൂർ വില്ലേജ്, ടി ദേശത്ത്, ചെമ്മനത്ത് വീട്ടിൽ മരിച്ച സിജോ ഭാര്യ 45 വയസ് മേജോ
2) ടിയിൽ മരിച്ച സിജോ മകൻ 21 വയസ് ജോയലിനു വേണ്ടി മുക്ത്യാറുകാരി മേജോ
3) ടി യിൽ മരിച്ച സിജോ മകൾ 20 വയസ് ജിയ

- ഹരജിക്കാർ

മുകുന്ദപുരം താലൂക്ക്, കല്ലൂർ വില്ലേജ്, ടി ദേശത്ത്, ചെമ്മനത്ത് വീട്ടിൽ മരിച്ച സിജോയുടെയും ഭാര്യ മേജോയുടെയും മകൾ 15 വയസ് ജിസ

-ഹരജി മാർജിൻ മൈനർ

മേൽ നമ്പർ കേസിലെ 1-ാം ഹരജിക്കാരിയുടെ ഭർത്താവും 2, 3 ഹരജിക്കാരുടെയും മൈനറുടെയും പിതാവുമായ മരിച്ച ചെമ്മനത്ത് വീട്ടിൽ സിജോ എന്നവർക്ക് കുട്ടനെല്ലൂർ സബ് രജിസ്ട്രി 501/2013 നമ്പ്രാധാര പ്രകാരം സിദ്ധിച്ചിരുന്നതും സിജോ എന്നവരുടെ മരണശേഷം ഹരജിക്കാർക്കും മൈനർ കുട്ടിക്കും കൂടി കൂട്ടായി അവകാശപ്പെട്ടതുമായ പുത്തൂർ വില്ലേജ് സർവ്വെ 212ൽ പെട്ട 4.